(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പിന്നോക്ക-ന്യൂനപക്ഷ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായുള്ള പദ്ധതികൾ

*3 [505] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, ടി. കെ. ദേവകുമാർ:
,, കെ. കെ. ജയചന്ദ്രൻ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരുടെയും ന്യൂനപക്ഷങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവിൽ വിലയിരുത്തിയത് എപ്പോഴാണ്;

(സി) പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടായിരുന്ന ന്യൂനതകൾ സംബന്ധിച്ച വിലയിരുത്തലിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ തൊഴിൽ പദ്ധതികൾ ഉപഭോക്താക്കൾക്ക് അനുവദിക്കുന്നതിൽ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരുടെയും ന്യൂനപക്ഷങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കുവേണ്ടി നിലവിലുള്ള വിവാഹ ധനസഹായ വായ്പാ പദ്ധതി, വിദ്യാർത്ഥികൾക്കായുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി, ഇരുചക്രവാഹന വായ്പാ പദ്ധതി, വിദേശത്ത് ജോലിതേടി പോകുന്നവർക്കുള്ള യാത്രാ ചെലവിനുള്ള വായ്പാ പദ്ധതി എന്നിവയ്ക്കു പുറമേ വിദേശ വിദ്യാഭ്യാസം തേടുന്നതിനുള്ള വായ്പാ പദ്ധതി വീടു നന്നാക്കുന്നതിനുള്ള വായ്പാ പദ്ധതി, സ്വയംതൊഴിൽ തേടുന്നതിനുള്ള വായ്പാ പദ്ധതി മുതലായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്.

പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർക്കും മറ്റു ശുപാർശിത വിഭാഗക്കാർക്കുംവേണ്ടി വിവാഹധനസഹായ വായ്പാ പദ്ധതി, ഭൂരഹിത ഭവനരഹിത വായ്പാ പദ്ധതി എന്നീ പദ്ധതികൾ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലാകാലങ്ങളിൽ സർക്കാർ തലത്തിൽ അവലോകനം നടത്തി പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. എന്നാൽ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ തലത്തിൽ പൂർണ്ണമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 8-9-1998-ലെ എം.എസ്. 79/98 പജ.പവ.വിവ. എന്ന സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. പദ്ധതികൾ അനുവദിക്കുന്നതിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ട്രോളിംഗ് നിരോധനത്തിനെക്കുറിച്ച് പഠനം

*4 [506] ശ്രീ. പി. എസ്. സുപാൽ:

,, പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിച്ചിട്ടുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഏതെല്ലാം തരത്തിലുള്ള പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; ഇതു സംബന്ധിച്ച നിഗമനങ്ങൾ വിശദമാക്കാമോ;

(ബി) മൺസൂൺ കാലത്ത് ചെമ്മീൻ, കരിക്കാടി തുടങ്ങിയ മത്സ്യങ്ങൾ പിടിച്ചില്ലെങ്കിൽ അവ ആഴക്കടലിലേക്ക് പോകുമെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ വ്യക്തമാക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്. ബോട്ടം ട്രോളിംഗ് ടെസ്റ്റ് മുഖേനയാണ് ഇതു സംബന്ധിച്ച് പഠനം നടത്തിയത്. ട്രോളിംഗ് നിരോധനത്തിനുമുമ്പുള്ള കാലയളവിനേക്കാൾ മത്സ്യസമ്പത്ത് വർദ്ധിച്ചതായി കണ്ടു.

(ബി) ഇല്ല. ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly